**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753** **15-03-2022 - ൽ മറുപടിയ്ക്ക്**

**മിശ്രവിവാഹിതരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നതുമായ ദമ്പതികൾക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മിശ്രവിവാഹിതരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നതുമായ ദമ്പതികൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിക്കുന്നതിന് ബ്ലോക്കുതല ഓഫീസുകൾ വഴി നടപടി സ്വീകരിച്ചിരുന്നത് ഇപ്പോൾ ഒഴിവാക്കപ്പെടുകയും ആയതിന് ജില്ലാതല ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടി വരുന്നതുമൂലം അപേക്ഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചപ്പോൾ ബ്ലോക്ക് തല ഓഫീസുകൾ വനിതാ ശിശു വികസന വകുപ്പിന് കീഴിലായിട്ടുണ്ട്. നിലവിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ജില്ലാതലത്തിൽ ഒരു ഓഫീസ് മാത്രമേ ഉള്ളൂ. മിശ്രവിവാഹ ധന സഹായ പദ്ധതി സാമൂഹ്യനീതി വകിപ്പിന് കീഴിലായതിനാൽ ജില്ല ഓഫീസിൽ മാത്രമേ അപേക്ഷകൾ സ്വീകരിക്കാൻ സാധിക്കുന്നുള്ളൂ. താലൂക്ക് തല ഓഫീസുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) | സാമൂഹ്യനീതി വകുപ്പിന്റെ എല്ലാ സേവനങ്ങളും ബ്ലോക്കുതല ഓഫീസുകൾ വഴി ലഭ്യമാക്കുന്നതിന് ഉണ്ടായിരുന്ന സൗകര്യം പുനസ്ഥാപിക്കുന്നതിനും എല്ലാ സേവനങ്ങൾക്കും ജില്ലാ ഓഫീസുകളെ സമീപിക്കേണ്ടി വരുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ